# 13 പുസ്തകങ്ങളെപ്പററി 'സമീക്ഷ'

പി. ടി. ഭാസ്കരപ്പണിക്കരുടെ പത്രാധിപത്യത്തിൽ പുസ്തകനിരൂപണങ്ങൾക്ക പ്രാധാന്യം കല്പിച്ചുകൊണ്ട് തിരുവനന്തപുരത്തുനിന്ന പ്രസിദ്ധപ്പെടുത്തിവരുന്ന 'പുസ്തകസമീക്ഷ'യുടെ നവംബർ (ബാലസാഹിത്യം സ്പെഷ്യൽ) ലക്കത്തിൽ ഡി. സി. ബുക്സിൻെറ ബാലസാഹിത്യകൃതികളെ വിലയിരുത്തിക്കൊണ്ട് വിവിധ ലേഖകർ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ സമാഹരിച്ചു താഴെ ചേക്കുന്നു.

പുസ്തകങ്ങൾ: അട്ട ആകാശത്തേക്ക്, ഉപ്പ് ഉണ്ണികൾക്ക്, ശ്രീകൃഷ്ണൻ, ഡോൺക്വിക്സോട്ട്, ഛേരലേ ബേലാ, ബാലി കൃതികൾ vol 1, പാക്കനാരുടെ മകൻ, നെയ്പ്പായസം, അരിസ്റ്റോട്ടിൽമുതൽ ഐൻസ്റ്റീൻവരെ, മണ്ണെണ്ണയും മഹാവിഷ്ണുവും, തങ്കക്കിങ്ങിണി, ഇത്തിരിക്കുഞ്ഞൻ.

### ഡോ. കെ. ഭാസ്കരൻനായർ

ഡോ. കെ. ഭാസ്കരൻനായരുടെ പതിമൂന്ന ലേഖനങ്ങളടങ്ങിയ അട്ട ആകാശത്തേക്ക് എന്ന പുസ്തകം പ്രകൃതിശാസ്ത്രത്തിലെ ചില പ്രത്യേകതകൾ കട്ടികൾക്ക വിവരിച്ചുകൊടുക്കുന്നു. സസ്യജന്തുലോകങ്ങളെ സരസമായ രീതിയിൽ കട്ടികൾക്ക പരിചയപ്പെടുത്തുന്ന ഈ ഗ്രന്ഥം ഒരു നല്ല ബാലശാസ്ത്രകൃതിയാണ്. കൂട്ടത്തിൽ ഭ്രൂണശാസ്ത്രം, ജനിതകശാസ്ത്രം, ബാഹ്യാകാശയാത്ര എന്നിങ്ങനെയുള്ള ഗഹന കാര്യങ്ങളും അദ്ദേഹം സ്പർശിച്ചുപോകുന്നുണ്ട്. ഈ പുസ്തകം വായിച്ചപ്പോൾ ഒന്ന പറയാൻ തോന്നി. ജീവിതത്തിൻെറ ബാക്കിഭാഗം കട്ടികൾക്ക ശാസ്ത്രമെഴുതാൻവേണ്ടി ഡോ. ഭാസ്കരൻനായർ വിനിയോഗിക്കണം. നമ്മുടെ ബാലസാഹിത്യത്തിനും കട്ടികൾക്കും ഡോ. ഭാസ്കരൻനായർക്കുതന്നെയും അത്ര് വലിയ ഗുണം ചെയ്യും.

### ടി. ആർ. ശങ്കുണ്ണിയും പി. എ. വാരിയരും

ഉപ്പിനെപ്പററിയുള്ള ടി. ആർ. ശങ്കുണ്ണിയുടെ പുസ്തകം കട്ടികളിൽ ജിജ്ഞാസ വളർത്തും. കടൽവെള്ളത്തിലെ ഉപ്പ് (പേജ് 20-24) എന്ന ഭാഗത്തു നടത്തിയ കഥാപ്രയോഗം എത്ര ഫലപ്രദമായിരിക്കുന്നു. പി. എ. വാരിയർ ശ്രീകൃഷ്ണൻെറ കഥ-വിശേഷിച്ചും ബാലലീലകൾ-പുനരാഖ്യാനം ചെയ്യുകയാണ്. യശോദയും ഗോപികമാരും നന്ദഗോപനും ബാലഭദ്രനും, കാളിയനും, കംസനും, അസുരന്മാരുമെല്ലാമാണ് കഥാപാത്രങ്ങൾ. ശ്രീകൃഷ്ണനെ കൊല്ലാൻ നടത്തിയ ശ്രമങ്ങളും ഗോവർദ്ധനോദ്ധാരണവും വനഭോജനവും കംസവധവുമെല്ലാം വളരെ തന്മയത്വത്തോടും പുതുമയോടുംകൂടി ചിത്രണം ചെയ്തിരിക്കുന്നു. കൃഷ്ണൻെറ കസ്തിതികൾ ഏതു കട്ടിക്കാണിഷ്ടപ്പെടാത്തത്? മൂന്ന പുസ്തകങ്ങൾക്കും ചന്തമുള്ള പുറംചട്ടയാണ്.

### ഡോൺ ക്വിക്സോട്ട്—കട്ടനാട്ട് രാമകൃഷ്ണപിള്ള

സ്പാനിഷ് സാഹിത്യത്തിലെ ഏററവും വലിയ മുതൽക്കൂട്ടാണ് ഡോൺ ക്വിക്സോട്ടിൻെറ കഥ. സെർവാന്തസിൻെറ ഈ അനശ്വരകൃതി ഹാസ്യോദ്ദീപകവും നമ്മബോധ പ്രധാനവുമാണ്. തികച്ചും അഭിനന്ദനാർഹമാണ് കട്ടനാട്ട രാമകൃഷ്ണപിള്ളയുടെ വിവർത്തനവും കഥാസംഗ്രഹണവും. ബാലവർഷത്തിൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം ബാലലോകത്തെ വളരെയധികം ആകർഷിക്കമെന്നതിൽ സംശയമില്ല.

### ടാഗോർ—കെ. സി. പിള്ള

മഹാകവി രവീന്ദ്രനാഥടാഗോറിൻെറ ഓർമ്മക്കറിപ്പുകളാണ് ഛേരലേബേലാ യിലെ കഥാതന്തു. മരണശയ്യയിൽ കിടന്നുകൊണ്ട് ആ വിശ്വമഹാകവി തൻ്റെ കട്ടിക്കാലം അയവിറക്കുന്നു. ഈ പുസ്തകം മലയാളത്തിലേക്ക വിവർത്തനം ചെയ്തിരിക്കുന്നത് ടാഗോറിൻെറതന്നെ ശിഷ്യനും 'ഗീതാഞ്ജലി', 'ജീവിതസ്മ



Digitized by Kerala Sahitya Akademi

തി' എന്നീ ഗ്രന്ഥങ്ങളുടെ പരിഭാഷക നമായ കെ. സി. പിള്ളയാണ്. ഓർമ്മക്കുറിപ്പുകളെന്നതിനെക്കാളേറെ ഒരു കഥ വായിക്കുന്ന പ്രതീതിയാണ് ഈ പുസ്തകം വായനക്കാർക്കു നൽകുന്നതു്. കുട്ടികൾക്കു മഹാകവിയെ കാണാൻ പററിയ കൃതിയാണിതു്.

## മാലി രാമായണം, ഭാരതം, ഭാഗവതം

മാലിരാമായണം മാലിഭാരതം മാലി ഭാഗവതം എന്നിവ ചേർത്തതാണ് മാലി കൃതികൾ ഒന്നാംഭാഗം. മാലിയുടെ കഥ പറയാനുള്ള കഴിവു്, അതിനുപയോഗിക്കുന്ന ഭാഷ, അതിന്റെ നാടകീയത എല്ലാം അനുകരണീയം എന്നുമാത്രം പറയാം. കുറിയവാക്യങ്ങളിൽ കുറുകിയ ആശയങ്ങൾ കൊടുക്കുന്നതിലാണ് മാലിയുടെ വിജയം കിടക്കുന്നതു്. ഇന്ത്യയുടെ ആദിസാഹിത്യമാണ പുരാണേതിഹാസങ്ങൾ. പുരാണകഥകളും കഥാപാത്രങ്ങളുമായി ബന്ധപ്പെടാതെ ഒരു ഇന്ത്യൻ കുട്ടിക്കും സാംസ്കാരിക പൈതൃകം ഉൾക്കൊണ്ടുവെന്നു് പറയാൻ പറ്റില്ല.

## നരേന്ദ്രനാഥും സുമംഗലയും

പി. നരേന്ദ്രനാഥിന്റെ പാക്കനാരുടെ മകൻ ഒരു ചെറിയ നോവലിന്റെ രീതിയിലാണവതരിപ്പിച്ചിട്ടുള്ളതു്. പാക്കനാരുടെ അവസാനവാക്കുകളിനിന്നും ആവേശമുൾക്കൊണ്ട, മകനായ അമതൻ ഇന്നത്തെ കാലഘട്ടത്തിന്റെ പ്രതിനിധിയാണ്. ഉദ്ദേശപൂർണ്ണമായ ഒരു സാഹിത്യകൃതി. നെയ്പ്പായസത്തിൽ അഞ്ചു ചെറുകഥകളാണ്. കുട്ടികളുടെ മനസ്സിനിണങ്ങുന്ന വിധം കഥകൾ പറഞ്ഞൊപ്പിക്കുന്നതിൽ സുമംഗലയ്ക്കുള്ള വൈദഗ്ധ്യം അംഗീകരിച്ചേ പററു.

## മൂർക്കോത്തു് കുഞ്ഞപ്പയും സദാശിവനും

'അരിസ്റ്റോട്ടിൽമുതൽ ഐൻസ്റ്റീൻ വരെ' എഴുതിയ എം. പി. സദാശിവൻ പ്രസിദ്ധരായ പതിമൂന്നു ശാസ്ത്രജ്ഞന്മാരെയാണ് അവതരിപ്പിച്ചിരിക്കുന്നതു്. ശാസ്ത്രലോകത്തിനു് അവർ നല്കിയ മികച്ച സംഭാവനകളോടൊപ്പം അവരുടെ ലഘു ജീവചരിത്രവും ഗ്രന്ഥകർത്താവു് വിവരിക്കുന്നുണ്ടു്. കുട്ടികൾക്കു രസിക്കുന്ന രീതിയിൽ അതു നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. മണ്ണെണ്ണയും മഹാവിഷ്ണുവും എഴുതിയ മൂർക്കോത്തു കുഞ്ഞപ്പ അഗ്നി, തീപ്പെട്ടി, ചായ, സോപ്പ്, തോലു്, മണ്ണെണ്ണയും മഹാവിഷ്ണുവും എന്നീ അഞ്ചു രസികൻ ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഒതുക്കിയിട്ടുള്ളതു്. കുട്ടികൾക്കു മാത്രമല്ല വലിയവർക്കും വായിച്ചു രസിക്കാൻ പററിയവയാണ് അഞ്ചും. പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിൽ പ്രസാധകർ കാണിച്ച വിവേചനം അനുമോദനാർഹമാണ്. പി. നരേന്ദ്രനാഥിന്റെ ഇത്തിരിക്കുഞ്ഞനും സുമംഗലയുടെ തങ്കക്കിങ്ങിണിയും കുട്ടികളുടെ മനസ്സിന്റെ ആഴവും പരപ്പും നന്നായി കണ്ടറിഞ്ഞവരാണ് തൽഗ്രന്ഥകർത്താക്കൾ എന്നു വ്യക്തമാക്കുന്നു. കുട്ടികളുടെ ഭാവനയെ ഉത്തേജിപ്പിക്കാൻ വേണ്ടുവോളം സസ്പെൻസ് സൃഷ്ടിക്കുക എന്നതു് സുമംഗലയിൽ കാണുന്ന ഒരു കഴിവാണ്.

## 1979 നു ശേഷവും...

ബാലസാഹിത്യങ്ങൾ 2000–3000 കോപ്പികൾ അടിക്കുന്നതിനു പകരം 5000–10,000-ത്തിലേക്കു കടക്കാൻ എന്തുവേണമെന്നു പ്രസാധകർ ചിന്തിക്കണം. 1979-നു ശേഷവും ഇത്തരം പുസ്തകങ്ങൾ വരണമല്ലൊ. സാഹിത്യ അക്കാദമിക്കും. എൻ. ബി എസ്, ശാസ്ത്രസാഹിത്യ പരിഷത്ത്, സ്റ്റെപ്സ്, ഡി സി. ബുക്കു്, വിദ്യാർത്ഥിമിത്രം, പ്രഭാത് എന്നിങ്ങനെയുള്ള പ്രസാധകർക്കും യോജിച്ച ഒരു ബാലസാഹിത്യ പരിപാടിയുമായി മുന്നോട്ടുപോകുവാൻ കഴിയുമോ? അതിനായി ഒരുകൂടിയാലോചനാ സമിതി ഉണ്ടാക്കുകയെങ്കിലും ആയിക്കൂടെ? അക്കാദമിതന്നെ ഇതിനു മുൻകൈ എടുത്താൽ അതു നടക്കും.

---

**സ്കൂൾലൈബ്രറികൾക്ക്**

**കപ്പട്ടേഷൻ വേണ്ട**

**ഡി. പി. ഐ.യുടെ ഓർഡർ**

No. SI (Sc) 492 / 79
Dated 17-12-1979

**പേജ് 34 കാണുക**

---



Digitized by Kerala Sahitya Akademi